**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**2462** **09.07.2015** -ലെ മറുപടിയ്ക്ക്

## നാട്ടികയിലെ ബി. എഡ് സെൻറർ

ചോദ്യം
ശ്രീ.കെ. വി. അബ്ദുൾ ഖാദർ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിലെ നാട്ടികയിൽ പ്രവർത്തിച്ചുവരുന്ന ബി. എഡ്. സെൻറർ അടച്ചുപൂട്ടാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നാട്ടിക ബി. എഡ്. സെന്ററിന്റെ അംഗീകാരം പിൻവലിച്ച എൻ. സി. ടി. ഇ. നടപടിക്കെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതില്ല എന്നും, 2015-17 വർഷത്തെ ബി. എഡ്. അഡ്മിഷൻ നോട്ടിഫിക്കേഷനിൽ നാട്ടിക സെന്റർ ഉൾപ്പെടുത്തേണ്ടതില്ലെന്നും തീരുമാനം എടുത്തിരുന്നെങ്കിലും പിന്നീട് പ്രസ്തുത തീരുമാനം പിൻവലിച്ച് എൻ. സി. ടി. ഇ നടപടിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും നോട്ടിഫിക്കേഷനിൽ നാട്ടിക സെന്റർ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബി. എഡ്. സെൻററിനുവേണ്ടി 74 സെൻറ് സ്ഥലം ഗുരുവായൂർ നഗരസഭയിലെ ചാവക്കാട് ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂൾ കോംമ്പൗണ്ടിൽ അനുവദിക്കാമെന്ന നഗരസഭാ അധികൃതരുടെ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബി. എഡ്. സെൻറർ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കത്ത് കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് ലഭ്യമായിട്ടുണ്ട്. സെന്റർ നിലനിർത്താനാവശ്യമായ നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**